# സംവാദങ്ങൾ അവസാനിക്കുന്നില്ല

**ജോൺ മാത്യു**

ലാനയുടെ രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന ദേശീയ സമ്മേളനം കഴിഞ്ഞു. അമേരിക്കയിലെ വിവിധ നഗരങ്ങളിൽ നിന്നു സാഹിത്യരംഗത്ത് സജ്ജീവമായി ചിന്തിക്കുന്നവർ ഒത്തുകൂടി എഴുത്തിന്റെ സമകാലീനഭാവങ്ങൾ ചർച്ച ചെയ്തു. അവിടെ മുന്നോട്ടുവെച്ച ചില വിഷയങ്ങളിലേക്കുള്ള ഒരെത്തിനോട്ടമാണിത്.

മലയാള കവിതയിലെ പുതു പ്രവണതകളോടെയായിരുന്നു സംവാദങ്ങളുടെ തുടക്കം. മലയാള കവിത കെട്ടുപാടുകളിൽ നിന്ന് മോചനം പ്രാപിച്ചുകൊണ്ടിരിക്കുന്നു എന്നുവേണം കരുതാൻ. പക്ഷേ ഇതും വിവാദ വിഷയമാണ്. പ്രതിരോധത്തിന്റെ ഈ എഴുത്തുകൾ സാഹിത്യ വേദികളിലും സാമൂഹിക മാറ്റങ്ങൾ ചർച്ച ചെയ്യുന്നിടത്തും മാത്രമാണ് ഇന്നും പ്രസക്തം. അത് അങ്ങനെയോ വരാൻ തരമുള്ളൂ.

വരേണ്യവർഗ്ഗത്തിന്റെ വിനോദമായിരുന്ന, സങ്കേത–നിയമ നിബിഡമായിരുന്ന, ആയിരിക്കുന്ന കവിത ഹൃദയത്തിന്റെ താളത്തിലേക്ക് നാടൻ വാക്കുകളുടെ അകമ്പടിയോടെ ഇറങ്ങിവന്നത് വലിയ മാറ്റം തന്നെ. അതായത് എഴുത്തച്ഛനിൽ നിന്ന് പൊയ്കയിൽ അപ്പച്ചനിലേക്കുള്ള മാറ്റം, അതേ, ആരോ എഴുതിയതുപോലെ പമ്പക്ക് തീ കൊളുത്തിയ കുമാരഗുരു എന്ന യോഹന്നാൻ അപ്പച്ചനിലേക്കു വന്ന മാറ്റം. മനസ്സിൽ കൊണ്ടുനടക്കാവുന്ന, ഈണത്തിൽ പാടാൻ കഴിയുന്നതു മാത്രമാണോ കവിത? ഛന്ദസ്സും ഭാഷാശാസ്ത്രവും അറിയാത്തവരുടെയും ഹൃദയത്തിൽ കവിതയില്ലേ. സാങ്കേതികതയിൽക്കൂടിയല്ല താളവും, വികാരവും. അതുകൊണ്ടുതന്നെ ഈ സംവാദം ഇവിടെ അവസാനിക്കുന്നില്ല. അമേരിക്കയുടെ സുഖസമൃദ്ധിയിൽ ജീവിക്കുന്നവർക്ക് ഇന്നു മുതൽ ഈ പുതുപരിവർത്തനം അനുകരിക്കാമെന്ന് കരുതേണ്ട. അങ്ങനെയായാൽ അതും വീണ്ടും വരേണ്യവർഗ്ഗത്തിന്റെ അഭ്യാസം മാത്രമാകും. അടിച്ചമർത്തപ്പെട്ടവരുടെ ജീവിതയാഥാർത്ഥ്യം അംഗീകരിക്കുക, ആ ശബ്ദം ഒന്നു കേൾക്കൂ. അതാണ് ലാനയിലെ പുതു തലമുറ നിങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ചർച്ചക്ക് അവതരിപ്പിച്ചത്.

മുഖ്യാതിഥിയായെത്തിയ ശ്രീ. പി.എഫ്. മാത്യൂസ് വളരെ പ്രസക്തമായ ഒരു ചോദ്യമാണ് അമേരിക്കയിലെ എഴുത്തുകാരുടെ മുന്നിലേക്ക് കൊടുത്തത്. എഴുത്തിന് ഒരു സന്ദേശം ആവശ്യമുണ്ടോ? അങ്ങനെയൊന്ന് വേണ്ടായെന്നു അദ്ദേഹം തറപ്പിച്ചു പറഞ്ഞു.

പിന്നെ ചോദ്യങ്ങളുടെ ഒരു പ്രവാഹം.

ഒരു സന്ദേശം കൊടുക്കാനില്ലെങ്കിൽ, സാമൂഹിക പ്രതിബദ്ധതയില്ലെങ്കിൽ സാഹിത്യം എങ്ങനെസാഹിത്യമാകും?

ഈ ‘സന്ദേശം’ എന്ന സങ്കല്പം തന്നെ എവിടെ നിന്ന് തുടങ്ങി. നാല്പതുകളിലെയും അമ്പതുകളിലെയും പുരോഗമനസാഹിത്യത്തിന്റെ ‘കാപട്യം’ തുറന്നുകാട്ടാൻ അന്ന് ‘ആധുനിക’രാണ് ഈ സന്ദേശമെന്ന സങ്കല്പം നിരാകരിച്ചത്. ആധുനികർ വാദിച്ചത് ഇങ്ങനെ: എഴുത്തുകാരൻ എഴുതുക, വായനക്കാരനു ആവശ്യമുണ്ടെങ്കിൽ സന്ദേശം വായിച്ചെടുത്തുകൊള്ളും. ഇവിടെ ഒളിഞ്ഞിരിക്കുന്ന ഒരു പ്രഖ്യാപനവുമുണ്ട്. ഞങ്ങൾ എഴുതുന്നത് രാഷ്ട്രീയ–മത പ്രസ്ഥാനങ്ങളുടെ വിടുപണി ചെയ്യാനല്ല, ഞങ്ങൾ സ്വതന്ത്രരാണ്, ഞങ്ങളുടെ ചിന്തക്ക്, മനസ്സിന് ആരും കടിഞ്ഞാണിടേണ്ട. ലോക

വിപ്ലവാശയങ്ങൾ മുന്നിൽ കണ്ടുകൊണ്ട് മാത്രം എഴുതി സമ്പന്നരായിക്കൊണ്ടിരുന്ന മുതിർന്ന സാഹിത്യകാരന്മാരോടുള്ള വെല്ലുവിളി. സന്ദേശം വേണ്ടായെന്ന് പറയുന്നതിന്റെ പൊരുൾ ഞങ്ങൾ സ്വതന്ത്രരാണെന്ന് ഘോഷിക്കുന്നതു തന്നെ, അല്ലാതെ നന്മക്കു പുറംതിരിഞ്ഞു നിൽക്കുന്നുവെന്നല്ല.

ഒരു കഥയെഴുതിയാൽ കവിതയെഴുതിയാൽ സാഹിത്യ 'സാംസ്കാരിക നായക'ന്മാരാകുന്ന സമൂഹമാണ് നമ്മുടേത്. ഒരു അംഗീകാരം കിട്ടിയാലോ ഉപദേശങ്ങളുമായി, സന്ദേശങ്ങളുമായി ഓടി നടക്കരുത്. അതു തുറന്നു പറഞ്ഞ ശ്രീ. പി.എഫ്. മാത്യൂസിന് നന്ദി.

ഭാരതീയതയിലേക്കുള്ള മടങ്ങിപ്പോക്ക് ആയിരുന്നു ഡോ. എൻ.പി. ഷീലയുടെ പ്രഭാഷണ വിഷയം.

നമ്മുടെ ഇതിഹാസങ്ങൾ ഭാരതീയ ഭാഷാ സാഹിത്യകാരന്മാരെ എന്നും സ്വാധീനിക്കുന്നു, ഇതൊരു സത്യമാണ്. പക്ഷേ, പഴമയിലേക്കുള്ള ഒരു മടങ്ങിപ്പോക്കാണോ ഇന്നത്തെ പ്രശ്നങ്ങൾക്കുള്ള ഉത്തരം? എല്ലാം പഴയ എഴുത്തുകളിൽ ഉണ്ടെന്ന വാദം ശരിയായിരിക്കാം, എങ്കിലും ഇന്നത്തെ സാഹചര്യത്തിലല്ല അത് എഴുതിയത്. അതുകൊണ്ട് മറ്റൊരു കാലഘട്ടത്തിൽ ജീവിക്കുന്നവർക്ക് ഒരു മടങ്ങിപ്പോക്ക് ആവശ്യമുണ്ടോ? ഇവിടെയും ഒരു തുടർ ചർച്ചയാവാം.

ഡോ. മാത്യു തെക്കേടത്തിന്റെ പ്രഭാഷണത്തിന് ഏറെ പുതുമ തോന്നി. മലയാളത്തിന്റെ പ്രസക്തി സ്വാഭാവികമായി കുറഞ്ഞു വരുമ്പോൾ ഇംഗ്ലീഷിൽ എഴുതുന്ന ചെറുപ്പക്കാരെയും കൂടി കണ്ടെത്തണമെന്നാണ് അദ്ദേഹം പറഞ്ഞത്.

ലാനസമ്മേളനങ്ങൾ രണ്ടോ മൂന്നോ ദിവസങ്ങൾകൊണ്ട് അവസാനിപ്പിക്കാനുള്ളതല്ല, വിവിധ കൂടിവരവുകളിൽ അതു തുടർന്നുകൊണ്ടേയിരിക്കട്ടെ. സാഹിത്യ പ്രസ്ഥാനങ്ങളുടെ വെളിച്ചത്തിൽ, സാഹിത്യ കലാമേഖലകളിലുണ്ടാകുന്ന ചില പ്രവണതകൾ പരിചയപ്പെടുത്തി, അത്രതന്നെ! ലാനഒരു സംഘടനയല്ല, പകരം ഒരു മുന്നേറ്റമാണ്.